FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**13-08-2021**

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. തിരുവനന്തപുരത്തുള്ള കേന്ദ്രകിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ **പരീക്ഷണ ശാലയിൽ നിന്നും പാടത്തേക്ക്- നടീൽ വസ്തുക്കളുടെയും കാർഷികോപാധികളുടെയും വിതരണോൽഘാടനം** ഇന്ന് രാവിലെ 11 മണിക്ക് മര്യാപുരം വി.എഫ്.പി.സി.കെ വിപണിയിൽ വച്ച് നടത്തുന്നു.

2. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഇന്ന് (ആഗസ്റ്റ് 13) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കോൾ സെന്ററിൽ കർഷകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണ്. കോൾ സെന്റർ നമ്പർ : **0481 2576622.**

3. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2021 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റിലുള്ള** ഒരു വർഷ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 31-ന് മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. **0471-2476020, 0474-2475051, 9446446632, 9567305895, 0471 2339899.**

**പരിശീലന പരിപാടികൾ**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (സമേട്ടിയുടെ) ആഭിമുഖ്യത്തിൽ ഇന്ന് (13.08.2021) രാവിലെ 11 മണി മുതൽ **വിവിധ വിളകളുടെ ശാസ്ത്രീയ കളനിയന്ത്രണം** എന്ന വിഷയത്തിലും 3 മണി മുതൽ **മുള ഉത്പന്നത്തിന്റെ സാധ്യതകൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**13-08-2021**

5. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 13-ന്) **വാഴയിലെ രോഗകീട നിയന്ത്രണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041, 9567804551** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.
6. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (13/08/2021-ന്) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.
7. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 13-ന്) **ബഹുവിള കൃഷികൾക്കും തീറ്റപ്പുൽകൃഷിക്കും അനുയോജ്യമായ റെയിൻഹോസ് ജലസേചന രീതി** എന്ന വിഷയത്തിൽ വൈകിട്ട് 7 മണിയ്ക്കും **കൂൺകൃഷി** എന്ന വിഷയത്തിൽ രാവിലെ 11 മണിയ്ക്കും ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.
8. വേങ്ങേരി കാർഷിക പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (13 ന്) 3 മണിയ്ക്ക് **മണ്ണ് പരിശോധനയും പ്രാധാന്യവും** എന്ന വിഷയത്തിൽ ഫേസ്ബുക്ക് ലൈവായി പരിശീലനം നടത്തുന്നു. http://www.facebook.com/ftc.vengeri/ എന്ന ഫേസ്ബുക്ക് പേജിലൂടെ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.
9. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (13/08/2021 ന്) രാവിലെ 10.30 മണി മുതൽ മലപ്പുറം ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക്/പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് **ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** (http://meet.google.com/owh-zoje-zwa) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകാരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** (http://meet.google.com/cew-twbg-btb) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.